എ.വൈ.ആർ


സൂറ-16

# അന്നഹ്ൽ

وَلَا تَقُولُوا۟ لِمَا تَصِفُ أَلْسِنَتُكُمُ ٱلْكَذِبَ هَـٰذَا حَلَـٰلٌ وَهَـٰذَا
حَرَامٌ لِّتَفْتَرُوا۟ عَلَى ٱللَّهِ ٱلْكَذِبَ ۚ إِنَّ ٱلَّذِينَ يَفْتَرُونَ عَلَى ٱللَّهِ ٱلْكَذِبَ لَا
يُفْلِحُونَ ﴿١١٦﴾
مَتَـٰعٌ قَلِيلٌ وَلَهُمْ عَذَابٌ أَلِيمٌ ﴿١١٧﴾
وَعَلَى ٱلَّذِينَ هَادُوا۟ حَرَّمْنَا مَا قَصَصْنَا عَلَيْكَ مِن قَبْلُ ۖ وَمَا ظَلَمْنَـٰهُمْ
وَلَـٰكِن كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ ﴿١١٨﴾
ثُمَّ إِنَّ رَبَّكَ لِلَّذِينَ عَمِلُوا۟ ٱلسُّوٓءَ بِجَهَـٰلَةٍ ثُمَّ تَابُوا۟ مِنۢ بَعْدِ
ذَٰلِكَ وَأَصْلَحُوٓا۟ إِنَّ رَبَّكَ مِنۢ بَعْدِهَا لَغَفُورٌ رَّحِيمٌ ﴿١١٩﴾

**116.** ഇന്നതു അനുവദനീയം, ഇന്നത് നിഷിദ്ധം എന്നിങ്ങനെ നിങ്ങളുടെ നാവുകൾ വിശേഷിപ്പിക്കുന്ന കള്ളം പറയാതിരിക്കുവിൻ. അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കലാണത്. അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുന്നവർ ഒരിക്കലും വിജയിക്കുന്നില്ല.

**117.** അവർക്കുള്ളത് ഭൗതികജീവിതത്തിലെ തുഛമായ വിഭവവും പിന്നെ നോവേറിയ ശിക്ഷയുമാകുന്നു.

**118.** നേരത്തെ നിന്നോടു പറഞ്ഞിട്ടുള്ള ചില വസ്തുക്കൾ നാം യഹൂദർക്ക് പ്രത്യേകമായി നിഷിദ്ധമാക്കിയിട്ടുണ്ടായിരുന്നു. നാം അവരോട് അനീതി ചെയ്യുകയായിരുന്നില്ല. പിന്നെയോ, അവർ തന്നെയാണ് അവരോട് അനീതി ചെയ്തിരുന്നത്.

**119.** ഇനി വല്ലവരും അജ്ഞതയാൽ ദോഷം ചെയ്യുകയും ശേഷം അതിൽ പശ്ചാത്തപിക്കുകയും ജീവിതം സംസ്കരിക്കുകയും ചെയ്താൽ ആ പശ്ചാത്താപത്തിനും സംസ്കരണത്തിനും ശേഷം നിന്റെ നാഥൻ അവരോട് ഏറെ പൊറുക്കുന്നവനും ദയാമയനുമാകുന്നു.

وَلَا تَقُولُوا۟ = നിങ്ങൾ പറയാതിരിക്കുവിൻ  لِمَا تَصِفُ = വിശേഷിപ്പിക്കുന്നത്, വിധിക്കുന്നതിനെക്കുറിച്ച്

أَلْسِنَتُكُمُ = നിങ്ങളുടെ നാവുകൾ  ٱلْكَذِبَ = കള്ളം

هَـٰذَا حَلَـٰلٌ وَهَـٰذَا حَرَامٌ = ഇ(ന്ന)ത് അനുവദനീയം ഇ(ന്ന)ത് നിഷിദ്ധം (എന്നിങ്ങനെ)

لِّتَفْتَرُوا۟ = നിങ്ങൾ കെട്ടിച്ചമക്കുന്നതിന്ന് (കയാണ് അത്)  عَلَى ٱللَّهِ ٱلْكَذِبَ = അല്ലാഹുവിന്റെ പേരിൽ കള്ളം

إِنَّ ٱلَّذِينَ يَفْتَرُونَ عَلَى ٱللَّهِ ٱلْكَذِبَ = തീർച്ചയായും അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുന്നവർ

لَا يُفْلِحُونَ = അവർ (ഒരിക്കലും) വിജയിക്കുന്നില്ല  مَتَـٰعٌ قَلِيلٌ = ഭൗതികജീവിതത്തിലെ തുഛമായ വിഭവം

وَلَهُمْ = (പിന്നെ) അവർക്കുണ്ട് (ള്ളത്)  عَذَابٌ أَلِيمٌ = വേദനയേറിയ ശിക്ഷ(യുമാകുന്നു)

وَعَلَى ٱلَّذِينَ هَادُوا۟ = യഹൂദരായവരുടെ മേൽ  حَرَّمْنَا = നാം (പ്രത്യേകമായി) നിഷിദ്ധമാക്കിയിട്ടുണ്ടായിരുന്നു

مَا قَصَصْنَا عَلَيْكَ = നിന്നോട് പറഞ്ഞിട്ടുള്ളത് (ചില വസ്തുക്കൾ)  مِن قَبْلُ = നേരത്തെ, മുമ്പ്

وَمَا ظَلَمْنَـٰهُمْ = നാം അവരോട് അനീതി ചെയ്യുകയായിരുന്നില്ല  وَلَـٰكِن = പക്ഷെ, പിന്നെയോ

كَانُوٓا۟ أَنفُسَهُمْ يَظْلِمُونَ = അവർ തന്നെയാണ് അവരോടനീതി ചെയ്തിരുന്നത്  ثُمَّ إِنَّ رَبَّكَ = പിന്നെ (ഇനി) നിന്റെ നാഥൻ

لِلَّذِينَ عَمِلُوا۟ ٱلسُّوٓءَ = ദോഷം (ചെയ്യുകയും) ചെയ്യുന്നവരോട് بِجَهَٰلَةٍ = അജ്ഞതയാൽ, അവിവേകത്താൽ ثُمَّ = പിന്നെ
تَابُوا۟ = പശ്ചാത്തപിക്കുകയും ചെയ്തവരോട് مِنۢ بَعْدِ ذَٰلِكَ = അതിനു ശേഷം
وَأَصْلَحُوٓا۟ = നന്നാക്കിയവരോടും (ജീവിതം സംസ്ക്കരിക്കുകയും ചെയ്തവരോടും إِنَّ رَبَّكَ = തീർച്ചയായും നിന്റെ നാഥൻ
مِنۢ بَعْدِهَا = അതിനു (പശ്ചാത്താപത്തിനും സംസ്കരണത്തിനും) ശേഷം
لَغَفُورٌ رَّحِيمٌ = ഏറെ പൊറുക്കുന്നവനും ദയാമയനുമാകുന്നു

**116,117.** തങ്ങൾ ആരാധിക്കുന്ന വിഗ്രഹങ്ങളുടെ താൽപര്യത്തിനെന്ന പേരിൽ ചില ഹിതകരമായ ഭക്ഷ്യവസ്തുക്കൾ നിഷിദ്ധമെന്നു വിധിക്കുന്ന ബഹുദൈവവിശ്വാസികളുടെ അനാചാരം സൂചിപ്പിച്ചുകൊണ്ട് അതൊന്നും അല്ലാഹു നിശ്ചയിച്ച നിയമമല്ലെന്നും ഭക്ഷ്യവിഭവങ്ങളെ സംബന്ധിച്ചേടത്തോളം അവൻ ഏർപ്പെടുത്തിയ നിബന്ധനകൾ ഇന്നിന്നതു മാത്രമാണെന്നും വ്യക്തമാക്കുകയായിരുന്നു കഴിഞ്ഞ സൂക്തം. അനന്തരം അവരും വേദക്കാരും മുസ്‌ലിംകളും ഉൾപ്പെടെയുള്ള എല്ലാവരെയും സഗൗരവം ഉണർത്തുകയാണ്: ഹിതാഹിതങ്ങളും അനുവാദ നിരോധങ്ങളും വിധിക്കാനുള്ള ആത്യന്തികമായ അധികാരവും അവകാശവും അല്ലാഹുവിന് മാത്രമുള്ളതാകുന്നു. നിങ്ങൾ വായിൽ തോന്നുന്നത് നിഷിദ്ധമെന്നും അനുവദനീയമെന്നും വിധിക്കുന്നത് തനികള്ളമാണ്. അങ്ങനെ വിധിക്കാനുള്ള അധികാരമോ അവകാശമോ അറിവോ നിങ്ങൾക്കില്ല. അല്ലാഹുവിന്റേതു മാത്രമായ അധികാരത്തിൽപെട്ട വിഷയത്തിൽ അനർഹമായി കൈകടത്തുന്നത് അവന്റെ പേരിൽ കള്ളം കെട്ടിച്ചമക്കലാകുന്നു. അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമക്കുന്നവർ യഥാർഥത്തിൽ ഒരു വിജയവും നേടാൻ പോകുന്നില്ല. ഏറിയാൽ ക്ഷണികമായ ഐഹിക ജീവിതത്തിനു വേണ്ട അൽപം ഭൗതിക വിഭവങ്ങൾ നേടാൻ പറ്റും. പക്ഷേ, അതിനുശേഷം പരലോകത്ത് അവരെ കാത്തിരിക്കുന്നത് നിത്യദുരിതമാണ്.

لِمَا تَصِفُ أَلْسِنَتُكُمُ ٱلْكَذِبَ യിലെ لِ എന്ന അക്ഷരം عن(സംബന്ധിച്ച്) എന്ന അർഥത്തിലുള്ളതാണ്. لتفتروا എന്നതിലെ ل അന്തരഫലസൂചകമാകുന്നു. അതായത് അങ്ങനെ ചെയ്യുന്നതിന്റെ ഫലം അല്ലെങ്കിൽ പരിണതി എന്നർഥം. വിശേഷണം, ഗുണം എന്ന അർഥത്തിലുള്ള وصف ൽ നിന്നുള്ള ക്രിയയാണ് تصف. പറയുന്നു, വിധിക്കുന്നു എന്ന അർഥത്തിലും ഉപയോഗിക്കും. ഹലാലും ഹറാമും വസ്തുക്കളുടെ വിശേഷണങ്ങളാണല്ലോ. അല്ലാഹു അവതരിപ്പിച്ച പ്രമാണങ്ങളെ ആധാരമാക്കാതെ, സ്വേഛാനുസാരം അടിസ്ഥാനരഹിതമായ നിയമങ്ങളുണ്ടാക്കുന്ന പ്രവണതയെയാണ് لِمَا تَصِفُ أَلْسِنَتُكُمُ ٱلْكَذِبَ എന്ന വാക്കിലൂടെ അവതരിപ്പിക്കുന്നത്. ഭക്ഷണകാര്യത്തിലെ വിധിവിലക്കുകൾ മാത്രമല്ല ഇവിടെ ഉദ്ദേശ്യം. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും യഥാർഥ നിയമനിർമാതാവ് അല്ലാഹുവാണ്. أَلَا لَهُ ٱلْخَلْقُ وَٱلْأَمْرُ (അറിഞ്ഞിരിക്കുവിൻ സൃഷ്ടിയും ശാസനയും അല്ലാഹുവിനുള്ളതാകുന്നു - 7:54). بَل لِّلَّهِ ٱلْأَمْرُ جَمِيعًا (അല്ല, ശാസനാധികാരം സമ്പൂർണമായി അല്ലാഹുവിന്റേതാകുന്നു -13:31).

يَقُولُونَ هَل لَّنَا مِنَ ٱلْأَمْرِ مِن شَىْءٍ قُلْ إِنَّ ٱلْأَمْرَ كُلَّهُۥ لِلَّهِ (ഞങ്ങൾക്ക് വല്ല ശാസനാധികാരവുമുണ്ടോ എന്നവർ ചോദിക്കുന്നുവല്ലോ. പറയുക: ശാസനാധികാരമൊക്കെയും അല്ലാഹുവിനു മാത്രമുള്ളതാകുന്നു -3:154). ആളുകൾ സ്വേഛാനുസാരം ഹലാൽ-ഹറാമുകൾ വിധിക്കാൻ പാടില്ല എന്നു കൽപ്പിക്കുന്നത് അവിശ്വാസികൾ ചില ഭക്ഷണ വസ്തുക്കൾ നിഷിദ്ധമാക്കിയ പശ്ചാത്തലത്തിലാണെന്നതിൽ നിന്ന്, മനുഷ്യന്റെ സ്വതന്ത്രമായ നിയമ നിർമാണത്തിനുള്ള വിലക്ക് ആത്മീയ വിഷയത്തിലോ ആരാധനാകാര്യങ്ങളിലോ പരിമിതമല്ലെന്നും അത് എല്ലാ ജീവിത വ്യവഹാരങ്ങളെയും ഉൾക്കൊള്ളുന്നതാണെന്നും മനസ്സിലാക്കാവുന്നതാണ്.

അല്ലാഹുവിന്റെ നേരിട്ടുള്ള വിധിവിലക്കുകൾ ഇല്ലാത്ത വിഷയങ്ങളിൽ പ്രമാണങ്ങളുടെ തത്ത്വവും താൽപര്യവും മനസ്സിലാക്കി തദനുസാരം ചിന്തിച്ചു കണ്ടെത്തുന്ന വിധികൾ അല്ലാഹുവിന്റ വിധികൾ തന്നെയാകുന്നു. ഉദാഹരണം: ഖുർആൻ മദ്യം നിരോധിച്ചിരിക്കുന്നു. മയക്കുമരുന്നിനെ പരാമർശിച്ചിട്ടില്ല. മദ്യനിരോധത്തിലടങ്ങിയ തത്ത്വങ്ങളും താൽപര്യങ്ങളും പരിഗണിക്കുമ്പോൾ മദ്യത്തോളമോ അതിലധികമോ നിഷിദ്ധമാണ് മയക്കുമരുന്നുപയോഗമെന്ന് കണ്ടെത്താം. പ്രമാണങ്ങളുടെ തത്ത്വവും താൽപര്യവും ഇത്രത്തോളം സുവ്യക്തമല്ലാത്ത വിഷയങ്ങളിൽ ഫത്‌വ നൽകുമ്പോൾ ഹറാം-ഹലാൽ എന്നീ സാങ്കേതിക പദങ്ങൾക്കു പകരം ഞാൻ ഇഷ്ടപ്പെടുന്നു, ഇഷ്ടപ്പെടുന്നില്ല اني استحب-اني اكره എന്ന പദങ്ങളായിരുന്നു ഇമാം മാലിക്കിനെയും അഹ്മദ് ബിൻ ഹമ്പലിനെയും പോലുള്ള സലഫുസ്സ്വാലിഹുകൾ ഉപയോഗിച്ചിരുന്നത്.

സ്വന്തം ശരീരപ്രകൃതിക്കും രുചിക്കും യോജിക്കാത്തതുകൊണ്ട് ആളുകൾ ചില വസ്തുക്കൾ ഒഴിവാക്കാറുണ്ട്. വൈദ്യന്മാർ രോഗികൾക്ക് ചില നല്ല വിഭവങ്ങൾ വിലക്കുന്നു. ഇത്തരം വ്യക്തിപരമായ വിലക്കുകൾ ഇവിടെ നിരോധിച്ച ഹലാൽ ഹറാം വിധികളിൽ പെടുന്നില്ല.

لِّتَفْتَرُوا۟ عَلَى ٱللَّهِ - يَفْتَرُونَ عَلَى ٱللَّهِ എന്നിങ്ങനെ افتراء على الله (അല്ലാഹുവിനെക്കുറിച്ച് കള്ളം കെട്ടിച്ചമക്കുക) എന്ന വാക്ക് ഈ സൂക്തത്തിൽ രണ്ടു വട്ടം ആവർത്തിച്ചിരിക്കുന്നു എന്നത് ഈ വിഷയത്തിന്റെ ഗൗരവം വ്യക്തമാക്കുന്നു. അല്ലാഹുവിന്റെ ധർമശാസനകളെ അവഗണിച്ചുകൊണ്ട് സ്വേഛാനുസാരം നിയമങ്ങൾ നിർമിക്കുന്നത് അല്ലാഹുവിന്റെ പേരിലായാലും വിഗ്രഹങ്ങളുടെ പേരിലായാലും അല്ലാഹുവിനെയും ബഹുദൈവങ്ങളെയുമെല്ലാം നിഷേധിച്ചുകൊണ്ടായാലും അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമക്കുന്ന കള്ളമാണ്. അല്ലാഹുവിനാൽ അല്ലെങ്കിൽ ഉപദൈവങ്ങളാൽ നിയോഗിക്കപ്പെട്ടവർ എന്ന നിലക്കാണ് അവർ അങ്ങനെ ചെയ്യുന്നത്. തന്റെ പ്രതിനിധിയായി സ്വേഛാനുസാരം നിയമങ്ങളനുശാസിക്കാൻ അല്ലാഹു ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. അത്തരക്കാരുടെ അവകാശവാദവും അവർ നിർമിക്കുന്ന നിയമങ്ങളും അല്ലാഹുവിന്റെ പേരിൽ കെട്ടിച്ചമക്കുന്ന കള്ളമാകുന്നു. ഭൗതികവാദികൾ സ്വേഛാനുസാരം ഹിതാഹിതങ്ങൾ നിശ്ചയിക്കുന്നത് ദൈവം ഇല്ല, ഉണ്ടെങ്കിൽ തന്നെ മനുഷ്യ ജീവിതത്തിൽ അവന്ന് കാര്യമൊന്നുമില്ല, സ്വന്തം ജീവിതത്തിന്റെ ഹിതാഹിതങ്ങളും വിധിവിലക്കുകളും നിശ്ചയിക്കാൻ മനുഷ്യന് പൂർണ സ്വാതന്ത്ര്യവും

പരമാധികാരവുമുണ്ട് എന്ന അടിസ്ഥാനത്തിലാണ്. ഈ വാദവും അതിലധിഷ്ഠിതമായ നിയമവും ദൈവത്തെക്കുറിച്ചു കെട്ടിച്ചമച്ച വ്യാജമാകുന്നു.

**118.** മുകളിൽ പറഞ്ഞ വിഷയങ്ങളിൽ അവിശ്വാസികൾ ഉന്നയിച്ച ഒരു ചോദ്യത്തിനുമുള്ള മറുപടിയാണിത്. വേദവാഹകരും ദൈവിക ശരീഅത്ത് അനുസരിക്കുന്നവരുമാണല്ലോ യഹൂദർ. മുഹമ്മദ് പറഞ്ഞ ആറു നിബന്ധനകൾ മാത്രമല്ല അവർ അനുഷ്ഠിച്ചു വരുന്നത്. മുഹമ്മദിന്റെ വേദത്തിൽ നിബന്ധനകൾ ആറായി ചുരുങ്ങിയതെന്തേ? ഇസ്രാഈല്യർക്ക് വേറെയും ചില വസ്തുക്കൾ നിരോധിച്ചിട്ടുണ്ടായിരുന്നുവെന്ന് സൂറ *അൽഅൻആം* 146ാം സൂക്തത്തിൽ ഖുർആനും അനുസ്മരിക്കുന്നുണ്ട്.

وَعَلَى ٱلَّذِينَ هَادُوا۟ حَرَّمْنَا كُلَّ ذِى ظُفُرٍ ۖ وَمِنَ ٱلْبَقَرِ وَٱلْغَنَمِ حَرَّمْنَا
عَلَيْهِمْ شُحُومَهُمَآ إِلَّا مَا حَمَلَتْ ظُهُورُهُمَآ أَوِ ٱلْحَوَايَآ أَوْ مَا ٱخْتَلَطَ
بِعَظْمٍ ۚ ذَٰلِكَ جَزَيْنَٰهُم بِبَغْيِهِمْ ۖ وَإِنَّا لَصَٰدِقُونَ ﴿١٤٦﴾

(യഹൂദജനത്തിന് നഖമുള്ള സകല ജന്തുക്കളുടെയും മാംസം നിരോധിച്ചിട്ടുണ്ടായിരുന്നു. ആടുമാടുകളുടെ കൊഴുപ്പും നിരോധിച്ചിരുന്നു; മുതുകിലോ കുടലിലോ പറ്റിപ്പിടിച്ചതും അസ്ഥിയിൽ കലർന്നതുമൊഴിച്ച്. അവരുടെ അതിക്രമത്തിന് നാം നൽകിയ ശിക്ഷയായിരുന്നു അത്. തീർച്ചയായും നാം പറയുന്നതാകുന്നു തികഞ്ഞ സത്യം). *അന്നിസാഅ്* 160-161 ൽ അവരുടെ അക്രമം എന്തായിരുന്നു എന്നും സൂചിപ്പിച്ചിരിക്കുന്നു.

فَبِظُلْمٍ مِّنَ ٱلَّذِينَ هَادُوا۟ حَرَّمْنَا عَلَيْهِمْ طَيِّبَٰتٍ أُحِلَّتْ لَهُمْ وَبِصَدِّهِمْ
عَن سَبِيلِ ٱللَّهِ كَثِيرًا ﴿١٦٠﴾ وَأَخْذِهِمُ ٱلرِّبَوٰا۟ وَقَدْ نُهُوا۟ عَنْهُ وَأَكْلِهِمْ
أَمْوَٰلَ ٱلنَّاسِ بِٱلْبَٰطِلِ ۚ وَأَعْتَدْنَا لِلْكَٰفِرِينَ مِنْهُمْ عَذَابًا أَلِيمًا

(ജൂതജനത്തിന്റെ അധർമങ്ങൾ കാരണവും അവർ ദൈവമാർഗത്തിൽ പെരുത്തു തടസ്സങ്ങളുണ്ടാക്കുന്നതിനാലും നിരോധിക്കപ്പെട്ട പലിശ വാങ്ങുന്നതിനാലും ജനത്തിന്റെ മുതലുകൾ നിഷിദ്ധമായി ഭുജിക്കുന്നതിനാലും നേരത്തെ അനുവദിക്കപ്പെട്ട പല ഉത്തമ വിഭവങ്ങളും നാമവർക്ക് നിരോധിക്കുകയുണ്ടായി. അവരിലെ സത്യനിഷേധികൾക്കായി നോവേറിയ ശിക്ഷയൊരുക്കി വെച്ചിട്ടുണ്ട്). അതിനു പുറമെ, അവർക്കു നിരോധിച്ച ചില വസ്തുക്കളെ ആദ്യം സ്വയം തന്നെ നിഷിദ്ധമായി പ്രഖ്യാപിച്ചിരുന്നു. അതിനു നിയമസാധുത നൽകിക്കൊണ്ട് അവരെ ശിക്ഷിക്കുകയായിരുന്നു അല്ലാഹു. *ആലുഇംറാൻ* 93ാം സൂക്തത്തിൽ പറയുന്നു.

۞ كُلُّ ٱلطَّعَامِ كَانَ حِلًّا لِّبَنِىٓ إِسْرَٰٓءِيلَ إِلَّا مَا حَرَّمَ إِسْرَٰٓءِيلُ عَلَىٰ نَفْسِهِۦ
مِن قَبْلِ أَن تُنَزَّلَ ٱلتَّوْرَىٰةُ ۗ قُلْ فَأْتُوا۟ بِٱلتَّوْرَىٰةِ فَٱتْلُوهَآ

(ഇസ്രാഈല്യർക്ക് എല്ലാ ഭക്ഷ്യപദാർഥങ്ങളും ഹിതകരമായിരുന്നു. എന്നാൽ തൗറാത്ത് അവതരിക്കുന്നതിനു മുമ്പ് ഇസ്രാഈൽ തന്റെ മേൽ സ്വയം നിഷിദ്ധമാക്കിയ ചില പദാർഥങ്ങളുണ്ടായിരുന്നുവെന്നു മാത്രം. അവരോടു പറയുക: നിങ്ങൾ സത്യവാന്മാരെങ്കിൽ തൗറാത്ത് കൊണ്ടുവന്ന് വായിച്ചു കേൾപ്പിക്കുവിൻ).

വിമർശകരോടു പറയുന്ന മറുപടി ഇതാണ്: അല്ലാഹു നേരത്തെ പ്രവാചകന് പറഞ്ഞു തന്നിട്ടുള്ള ചില വസ്തുക്കൾ കൂടി യഹൂദ ജനത്തിനു നിരോധിച്ചിരുന്നുവെന്നതു ശരിയാണ്. എന്നാൽ 115 -ാം സൂക്തത്തിൽ പറഞ്ഞ വസ്തുക്കൾ മാത്രമേ അവർക്കും മൗലികമായി നിഷിദ്ധമായിട്ടുള്ളൂ. പക്ഷേ അവർ സ്വേഛയാ ചില വസ്തുക്കൾ തങ്ങൾക്ക് നിഷിദ്ധമാക്കി. ആ അതിക്രമത്തിനു ശിക്ഷയായി അല്ലാഹു അതവർക്കു നിഷിദ്ധമാക്കുകയായിരുന്നു. ഈ നടപടിയിലൂടെ അല്ലാഹു അവരോട് അന്യായമൊന്നും ചെയ്തിട്ടില്ല. പ്രത്യുത അവർ തന്നെയാണവരോട് അന്യായം ചെയ്തത്. കൂടുതൽ വിശദീകരണത്തിന് *ഖുർആൻ ബോധനം* മുകളിൽ സൂചിപ്പിച്ച 6:146, 4:160-161, 3:93 സൂക്തങ്ങളുടെ അടിക്കുറിപ്പുകൾ നോക്കുക.

**119.** മുൻ സൂക്തങ്ങളിൽ നൽകിയ താക്കീതുകൾക്കു ശേഷം ഒരു സുവിശേഷമറിയിക്കുകയാണ്. സംബോധന ചെയ്യുന്നത് പ്രവാചകനെയാണെങ്കിലും, അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അകപ്പെട്ട് പാപപങ്കിലരായിത്തീരുന്ന എല്ലാവർക്കുമുള്ളതാണീ സന്ദേശം. അജ്ഞതയെയും അവിവേകത്തെയും ഉൾക്കൊള്ളുന്ന പദമാണ് جهالة. ജ്ഞാനത്തിലധിഷ്ഠിതമായ വിവേചനശേഷിയും യുക്തിബോധവും ഇല്ലാതാവുകയാണല്ലോ വിവേക ശൂന്യത. പ്രവാചകനെയും സത്യദീനിനെയും എതിർക്കുന്ന അധികം പേർക്കും ഇല്ലാതാകുന്നത് അതാണ്, അങ്ങനെ അക്രമങ്ങളും പാപകൃത്യങ്ങളും ചെയ്തുകൂട്ടുന്നു. അത്തരം ആളുകൾക്ക് പിന്നീട് ബോധോദയമുണ്ടാവുകയും തങ്ങളുടെ തെറ്റുകുറ്റങ്ങളിൽ ആത്മാർഥമായി പശ്ചാത്തപിച്ച് സത്യവിശ്വാസത്താലും സൽക്കർമങ്ങളാലും ജീവിതം സംസ്കരിക്കുകയും ചെയ്യുകയാണെങ്കിൽ നേരത്തെ ചെയ്തതുപോയ അതിക്രമങ്ങളും പാപകൃത്യങ്ങളും അല്ലാഹു പൊറുത്തു കൊടുക്കുകയും അവരെ തന്റെ കാരുണ്യത്തിനും അനുഗ്രഹത്തിനും അർഹരാക്കുകയും ചെയ്യും. ദൈവത്തിന്റെ സുവ്യക്തമായ മാർഗദർശനങ്ങളുണ്ടായിട്ടും അവിവേകത്തിന്റെയും ദേഹേഛയുടെയും പക്ഷപാതിത്വങ്ങളുടെയും പിടിയിൽപ്പെട്ട് ഇതുവരെ അസത്യമാർഗത്തിൽ സഞ്ചരിച്ചവർക്ക് ഇനിയും രക്ഷാമാർഗം തുറന്നു കിടക്കുകയാണ്. പ്രവാചകനെ അനുസരിക്കാൻ തയാറായിക്കൊണ്ട് ഈ അവസരം പ്രയോജനപ്പെടുത്തുകയാണവർ ചെയ്യേണ്ടത്.

جهالةന്റെയും توبةയുടെയും യാഥാർഥ്യം *ഖുർആൻ ബോധനം* സൂറ *അന്നിസാഅ്* 17-18 സൂക്തങ്ങൾക്കു താഴെ വിശദീകരിച്ചിരിക്കുന്നു. ■